# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 25, വ്യാഴം

## കാര്യവിവരപ്പട്ടിക

1. **ചോദ്യങ്ങൾ :**
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

2. **മന്ത്രിയുടെ പ്രസ്താവന :**
2017 മേയ് 15 – ാം തീയതിയിലെ 395 – ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ.ജി.സുധാകരൻ പ്രസ്താവന നടത്തുന്നതാണ്.

3. **ശ്രദ്ധക്ഷണിക്കൽ :**
(1) നിർദ്ദിഷ്ട നഞ്ചൻഗോട്-നിലമ്പൂർ റെയിൽപാതാനിർമ്മാണം സംസ്ഥാനം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി.കെ.ശശീന്ദ്രൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) ഐ.എസ്. ഭീകരർ തട്ടിക്കൊണ്ട് പോയ ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനത്തിനായുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.കെ.എം.മാണി മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

4. **റിപ്പോർട്ടുകളുടെ സമർപ്പണം :**
(1) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിയും നാലാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. എ.സി.മൊയ്തീൻ കമ്മിറ്റിയുടെ 2016–17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(2) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയും പതിനൊന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ.കടകംപള്ളി സുരേന്ദ്രൻ കമ്മിറ്റിയുടെ 2016–17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

(3) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും പതിമൂന്നാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ.എ.കെ.ബാലൻ കമ്മിറ്റിയുടെ 2016–17 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

5. **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:**

1994-ൽ സംസ്ഥാനത്ത് നടപ്പാക്കിയ തൊഴിൽ ദാന പദ്ധതിയിലെ അംഗങ്ങൾക്ക് അറുപത് വയസ് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുവാനുള്ള സർക്കാർ തീരുമാനം സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ശ്രീ. വി.എസ്.സുനിൽ കുമാർ ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുന്നതാണ്.

6. **ഗവൺമെന്റ് പ്രമേയം :**

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ.കെ.ടി.ജലീൽ, സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള കുടിശ്ശിക തുക അടിയന്തരമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.

(പ്രമേയത്തിന്റെ പകർപ്പ് പ്രത്യേകം വിതരണം ചെയ്തിട്ടുണ്ട്)

7. **നിയമനിർമ്മാണം :**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

**(ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ)**

(2) 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 മേയ് 24.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.

# FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

*Thursday, May 25, 2017*

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Statement by Minister:**

Shri.G.Sudhakaran, Minister for Public Works and Registration to make a statement correcting the answer given to Starred Question No. 395 on May 15, 2017.

**III. Calling Attention:**

(1) Shri. C.K.Saseendran to call the attention of the Minister for Public Works and Registration to the necessity to take over the implementation of the proposed Nanjangud-Nilambur Railway Line by the State.

(2) Shri. K.M.Mani to call the attention of the Chief Minister to the necessity to exert pressure on the Central Government to expedite the efforts to rescue Father Tom Uzhunnalil, who was abducted by the I.S.terrorists.

**IV. Presentation of Reports :**

(1) Shri.A.C.Moideen, Minister for Industries, Sports and Youth Affairs and Chairman, Subject Committee IV to present the Report of the Committee on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

(2) Shri.Kadakampally Surendran, Minister for Co-operation, Tourism and Devaswoms and Chairman, Subject Committee XI to present the Report of the Committee on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

(3) Shri.A.K.Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs and Chairman, Subject Committee XIII to present the Report of the Committee on the action taken on the recommendations contained in the First Report on the scrutiny of demands for grants for the financial year 2016-17.

**V. Statement under Rule 300:**

Shri.V.S.Sunil Kumar, Minister for Agriculture to make a statement under Rule 300 regarding the decision to allot pension and gratuity to the members of the Employment Assurance Scheme implemented during 1994 in the State.

**VI. Government Resolution :**

Dr.K.T.Jaleel, Minister for Local Self Governments, Welfare of Minorities, Wakf and Haj Pilgrimage to move the resolution demanding the Central Government to urgently settle the arrear amount due to the workers in the State under the Mahatma Gandhi National Rural Employment Guarantee Scheme.

(Copy of the resolution circulated separately)

**VII. Legislative Business :**

(1) Motion for consideration and further stages of the Kerala Finance Bill, 2017 as reported by the Subject Committee.

(Discussion to be concluded)

**(12.30 p.m to 1.30 p.m)**

(2) Introduction and further stages of the Kerala Appropriation (No.3) Bill, 2017.

Secretariat of the Kerala Legislature,
Thiruvananthapuram,
May 24, 2017.

V.K.Babu Prakash,
Secretary.